**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 28** **05-12-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്ത് സയൻസ് പാർക്കുകൾ സ്ഥാപിക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ശാസ്ത്ര, സാങ്കേതികശാസ്ത്ര രംഗത്തെ നേട്ടങ്ങളുടെ വാണിജ്യ സാധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സംസ്ഥാനത്ത് പുതിയതായി സയൻസ് പാർക്കുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2022-23-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതിനനുസരിച്ച് ശാസ്ത്ര സാങ്കേതിക മേഖലയിലെ നേട്ടങ്ങൾ കാര്യക്ഷമമായി ഉപയോഗിക്കാൻ കേരളത്തിൽ പുതുതായി നാല് സയൻസ് പാർക്കുകൾ സ്ഥാപിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇതിൽ ഒരെണ്ണം 'ഡിജിറ്റൽ സാങ്കേതിക വിദ്യകൾ' അധിഷ്ഠിതമായിട്ടുള്ള ഡിജിറ്റൽ സയൻസ് പാർക്ക് തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതാണ്. മറ്റ് മൂന്ന് സയൻസ് പാർക്കുകൾ തിരുവനന്തപുരം, കൊച്ചി, കണ്ണൂർ എന്നിവിടങ്ങളിലെ അന്താരാഷ്ട്ര വിമാനത്താവളങ്ങളുടെ സമീപം സ്ഥാപിക്കുന്നതിന് തത്ത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.** |
| (ബി) | സയൻസ് പാർക്കുകൾ സ്ഥാപിക്കുന്നതിലൂടെ സംസ്ഥാനത്തുനിന്നും വിദ്യാർത്ഥികൾ ഗവേഷണത്തിന് വിദേശ രാജ്യത്ത് പോകുന്ന സ്ഥിതി ഒഴിവാക്കുന്നതിനും ലോകത്തെ പ്രധാനപ്പെട്ട ശാസ്ത്രഗവേഷണ കേന്ദ്രങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കാനും അവസരമൊരുക്കുമോ; വ്യക്തമാക്കാമോ; | (ബി) | സാധ്യത പരിശോധിച്ച് വരുന്നു. |
| (സി) | സയൻസ് പാർക്കിൽ ആവശ്യമായ സൗകര്യങ്ങളൊരുക്കാൻ കേരള സയൻസ് പാർക്ക്സ് കമ്പനി ലിമിറ്റഡ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (സി) | സർക്കാരിന്റെ വിശദമായ പരിശോധനയിലാണ്. |
| (ഡി) | നോളജ് ഇക്കണോമി അടിസ്ഥാനമാക്കി വ്യവസായമേഖല, ഗവേഷണ സംഘടനകൾ, സർവകലാശാലകൾ എന്നിവയുടെ സഹകരണത്തോടെ സയൻസ് പാർക്കുകൾക്കായി | (ഡി) | പരിശോധിച്ച് വരികയാണ്. |

| | | | |
|---|---|---|---|
| | പി.പി.പി. മാതൃക പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ